പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5772 | 05.07.2013 ൽ മറുപടിക്ക്

പൊതുവിതരണം ശക്തിപ്പെടുത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. സാജു പോൾ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) സപ്ലൈകോയ്ക്ക് നൽകിവരുന്ന സബ്സിഡി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇല്ല |
| (ബി) വിലക്കയറ്റം പ്രതിരോധിക്കുന്നതിന് ആവശ്യമായ തുക സിവിൽ സപ്ലൈസ് കോർപ്പറേഷൻ തന്നെ കണ്ടെത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ഇതിനായി നിലവിൽ സബ്സിഡി നൽകുന്ന വസ്തുക്കളുടെ വില്പന കുറക്കുന്നതിനും സബ്സിഡിയേതര ഇനങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ; നിലവിൽ ഇതിന്റെ അനുപാതം എങ്ങിനെയാണ്; ഏത് രൂപത്തിലാണ് ഈ അനുപാതം മാറ്റാൻ ഉദ്ദേശിക്കുന്നത്; | (സി) ബാധകമല്ല |
| (ഡി) പൊതുമാർക്കറ്റിൽ അവശ്യവസ്തുക്കളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സബ്സിഡി ഇനങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ഡി) സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി വഴി പരമാവധി പേർക്ക് സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത് പൊതുവിപണിയിൽ അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) പൊതുവിതരണ ശൃംഖലയിലൂടെയുള്ള അവശ്യവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) പൊതുവിതരണ ശൃംഖലയിലൂടെയുള്ള അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | സംസ്ഥാനത്ത് പൊതുവിതരണം ശക്തിപ്പെടുത്തുവാൻ തയ്യാറാകുമോ? | (എഫ്) | സംസ്ഥാനത്ത് പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനായി പൊതുവിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിനായി പരിശോധനകളും റെയ്ഡും നടത്തിവരുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പൊതുവിതരണ സമ്പ്രദായം സുതാര്യമാക്കുന്നതിനായി 'end to end computerization' (സമ്പൂർണ കമ്പ്യൂട്ടർ വൽക്കരണം ), FMPDS മുതലായ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

Beena

സെക്ഷൻ ഓഫീസർ